## ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം തിരുവനന്തപുരം

വിഷയം:- ആരോഗ്യവകുപ്പ് – ഡോ.ഗീതു സുരേഷ്, **PEN:982876** - അസിസ്റ്റന്റ് സർജൻ - പ്രൊബേഷൻ അവസാനിപ്പിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു..

പരാമർശം:- **1.**നം.**DMOH-PTA/3858/2025-A1 Dated:02.12.2025**

**2** . കാരണം കാണിക്കൽ നോട്ടീസ് നം **DHS/1434/2026-EA3** തീയതി:**04.02.2026**

**3.** ഡോ.ഗീതു സുരേഷ് സമർപ്പിച്ച അപേക്ഷ തീയതി:**20.02.2026**

## ഉത്തരവ് നം. DHS/1434/2026-EA3തീയതി.21-09-2026

**(1).**ഡോ.ഗീതു സുരേഷ്, **PEN:982876** അസിസ്റ്റന്റ് സർജൻ തസ്തികയിൽ **06.05.2024** ന് ആരോഗ്യ വകുപ്പിൽ ജോലിയിൽ പ്രവേശിച്ച വ്യക്തിയാണ്. പത്തനംതിട്ട വള്ളിക്കോട് പ്രാഥമികാരോഗ്യകേന്ദ്രത്തിൽ അസിസ്റ്റന്റ് സർജൻ തസ്തികയിൽ സേവനത്തിൽ തുടരവെ **16.07.2025** മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരിക്കുന്നു എന്ന് പരാമർശം ( **1** ) പ്രകാരം പത്തനംതിട്ട ജില്ലാ മെഡിക്കൽ ഓഫീസർ റിപ്പോർട്ട് ചെയ്തിരുന്നു. ഇക്കാര്യം വിശദമായി പരിശോധിക്കുകയും ടിയാളുടെ വർക്ക് ആന്റ് കോണ്ടക്ട് **(work and conduct)** തൃപ്തികരമല്ലാത്തതിനാൽ പ്രൊബേഷൻ ടെർമിനേറ്റ് ചെയ്യാതിരിക്കുന്നതിന് കാരണമുണ്ടെങ്കിൽ ബോധിപ്പിക്കുന്നതിന് പരാമർശം **(2)** പ്രകാരം നോട്ടീസ് നൽകി. പ്രസ്തുത നോട്ടീസിന് പരാമർശം **(3)** പ്രകാരം ടിയാൾ മറുപടി സമർപ്പിച്ചു.

**(2)** നാഷണൽ മെഡിക്കൽ കമ്മീഷന്റെ **(NMC)** മാനദണ്ഡങ്ങൾ പ്രകാരം മെഡിക്കൽ വിദ്യാഭ്യാസ മേഖലയിലെ ഉദ്യോഗക്കയറ്റത്തിന് സീനിയർ റസിഡൻസി **(SR-ship)** നിർബന്ധമാണ്.അതിനാൽ കോട്ടയം ഗവൺമെന്റ് മെഡിക്കൽ കോളേജിൽ ജനറൽ സർജറി വിഭാഗത്തിൽ സീനിയർ റസിഡന്റ് / അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലേക്ക് തെരഞ്ഞെടുക്കുകയും പ്രിൻസിപ്പൽ **02.07.2025**-ൽ നിയമന ഉത്തരവ് നൽകിയതിന്റെ അടിസ്ഥാനത്തിൽ കോട്ടയം മെഡിക്കൽ കോളേജിൽ സീനിയർ റസിഡന്റ് തസ്തികയിൽ ജോലിയിൽ പ്രവേശിക്കുകയും ചെയ്തതായി ടിയാളുടെ മറുപടിയിൽ അറിയിച്ചിട്ടുണ്ട് .

(3).ഡോ.ഗീതു സുരേഷ് സമർപ്പിച്ച അപേക്ഷ വിശദമായി പരിശോധിച്ചു. ഡോ.ഗീതു സുരേഷിന് കോട്ടയം ഗവ. മെഡിക്കൽ കോളേജിൽ കരാർ അടിസ്ഥാനത്തിൽ സീനിയർ റെസിഡൻസി ചെയ്യുന്നതിന് **NOC** അനുവദിക്കുന്നതിനുള്ള അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ **No. 342/E1/2021/H&FWD dtd. 21.02.2024** സർക്കാർ കത്ത് പ്രകാരം പി.ജി പഠനത്തോടനുബന്ധിച്ചുള്ള **'compulsory bonded obligation'**-ന്റെ ഭാഗമായല്ലാതെ നൽകുന്ന സീനിയർ റെസിഡന്റ് ഷിപ്പ് കരാർ നിയമനമായോ മെച്ചപ്പെട്ട ജോലിയായോ മാത്രമേ കണക്കാക്കുവാൻ സാധിക്കുകയുള്ളൂവെന്നും, ആയതിലേക്ക് നിരാക്ഷേപപത്രം **(NOC)** നൽകുന്നത് ക്രമപരമായ നടപടിയല്ലായെന്നും, മേൽ ആവശ്യത്തിലേക്ക് പഠനാവശ്യത്തിനായി അവധി അനുവദിക്കുവാൻ സാധിക്കില്ല എന്നും സർക്കാർ കത്തിൽ അറിയിച്ചിട്ടുണ്ട്. അതിനാൽ ഡോ. ഗീതു സുരേഷിന് കോട്ടയം ഗവ. മെഡിക്കൽ കോളേജിൽ കരാർ അടിസ്ഥാനത്തിൽ സീനിയർ റെസിഡൻസി ചെയ്യുന്നതിന് നിരാക്ഷേപപത്രം **(NOC)** നൽകുവാൻ നിർവ്വാഹമില്ലാത്തതിനാൽ അപേക്ഷ നം.**DHS/17712/2025-EA3 Dated:19.07.2025** കത്ത് പ്രകാരം നിരസിച്ചിരുന്നു. ടി സാഹചര്യത്തിൽ **16.07.2025** തീയതി മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരുന്ന തിലൂടെ പ്രൊബേഷണർ ആയ ഡോ.ഗീതു സുരേഷ്, **PEN:982876** അസിസ്റ്റന്റ് സർജന്റെ വർക്ക് ആന്റ് കോണ്ടക്ട് തൃപ്തികരമല്ല എന്ന് വിലയിരുത്തുന്നു.

(4). ആയതിനാൽ **1958** ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസസ് റൂൾസ് പാർട്ട് **I I** ചട്ടം **19 (a) (ii)** പ്രകാരം ഡോ.ഗീതു സുരേഷ്, **PEN:982876** അസിസ്റ്റന്റ് സർജന്റെ പ്രൊബേഷൻ അവസാനിപ്പിച്ച് ടിയാളെ സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

Digitally signed by
Meenakshy V
Date: 21-09-2026
00:30:11

Dr MEENAKSHY V

DIRECTOR OF HEALTH SERVICES

സ്വീകർത്താവ്

Dr. Geethu Suresh
Assistant Surgeon
Aiswarya, Chirakadavom
Kayamkulam, Alappuzha
PIN:982876

പകർപ്പ്,

1. അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള,തിരുവനന്തപുരം

2. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം),പത്തനംതിട്ട

3.മെഡിക്കൽ ഓഫീസർ, പ്രാഥമികാരോഗ്യകേന്ദ്രം വള്ളിക്കോട്,പത്തനംതിട്ട

(ജില്ലാ മെഡിക്കൽ ഓഫീസർ മുഖാന്തരം)

4. ഫയൽ